No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം – 695 001

# വിജ്ഞാപനം

## KEAM-2019

## എം.ബി.ബി.എസ്, ബി.ഡി.എസ് ഒഴികെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ

**16.09.2019** ന് പ്രസിദ്ധീകരിച്ച ഓൺലൈൻ മോപ്–അപ് അലോട്ട്മെന്റിനുശേഷം ആയുർവേദ (**BAMS**), ഹോമിയോപ്പതി (**BHMS)** സിദ്ധ, യുനാനി, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് കോഴ്സുകളിൽ ലഭ്യമാകുന്ന ഒഴിവുകളിലേയ്ക്ക് **20.09.2019 ന് രാവിലെ 10.00 മണിക്ക് തിരുവനന്തപുരം, കാര്യവട്ടം, ട്രാവൻകൂർ ഇന്റർ നാഷണൽ കൺവെൻഷൻ സെന്റർ (ഗ്രീൻഫീൽഡ് സ്റ്റേഡിയം) ൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നതായിരിക്കും.** കേരളാ മെഡിക്കൽ, ആയുർവേദ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എം.ബി.ബി.എസ്, ബിഡി.എസ് അഡ്മിഷൻ ലഭിച്ചവർ ഒഴികെയുള്ളവർക്ക് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് **'www.cee.kerala.gov.in'** എന്ന വെബ്സൈറ്റിലെ അവരുടെ ഹോംപേജിൽ പ്രവേശിച്ച് **'Registration slip-Spot'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **18.09.2019** വൈകുന്നേരം **6** മണി മുതൽ സ്ലിപ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. സ്ലിപ്പുമായി വരുന്നവരെ മാത്രമേ അലോട്ട്മെന്റിനായി പരിഗണിക്കുകയുള്ളൂ.

**ഫീസ് സംബന്ധിച്ച വിവരങ്ങളും ഒടുക്കേണ്ട വിധവും**

സ്പോട്ട് അഡ്മിഷനിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ താഴെ പറയുന്ന ഫീസ് ഏതെങ്കിലും ദേശസാൽകൃത /ഷെഡ്യൂൾഡ് ബാങ്കിൽനിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി എടുത്ത് കൗൺസലിംഗ് വേളയിൽ ഹാജരാക്കേണ്ടതാണ്.

1. അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ കോഴ്സുകളിൽ അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **19,800/-** രൂപയുടെ ഡി.ഡി.
2. ഗവ./എയ്ഡഡ് ആയുർവ്വേദ കോളേജുകളിൽ അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **12,000/–** രൂപയുടെ ഡി.ഡി.യും ഗവ./എയ്ഡഡ് ഹോമിയോ കോളേജുകളിൽ അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **2,087**/– രൂപയുടെ ഡി.ഡി.യും.
3. സ്വാശ്രയ ആയുർവ്വേദ/ സിദ്ധ/യുനാനി കോളേജുകളിൽ അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **1,00,000**/– രൂപയുടെ ഡി.ഡി.
4. **ബാക്കി തുക അഡ്മിഷൻ ലഭിക്കുന്ന കോളേജുകളിൽ ഒടുക്കേണ്ടതാണ്.**

**ടോക്കൺ ഡെപ്പോസിറ്റ്**

പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി./രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും G.O.(Ms)No.25/2005/SCSTDD, തീയതി 20.06.2005, G.O.(Ms)No.10/ 2014/BCDD തീയതി 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ടോക്കൺ ഡെപ്പോസിറ്റ് അടയ്ക്കേണ്ടതില്ല. അവർ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ അഡ്മിഷൻ നേടേണ്ടതാണ്.

**<u>സ്പോട്ട് അഡ്മിഷനിൽ ഹാജരാക്കേണ്ട രേഖകൾ</u>**

സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ താഴെപ്പറയുന്ന രേഖകളുമായി ഹാജരാകേണ്ടതാണ്.

1. സ്പോട്ട് അഡ്മിഷൻ സ്ലിപ്പ്
2. നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ്
3. ആയൂർവേദ (**BAMS**), ഹോമിയോപ്പതി (**BHMS**) സിദ്ധ, യുനാനി, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ കോഴ്സുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി അഡ്മിഷൻ ലഭിച്ചിരിക്കുന്ന വിദ്യാർത്ഥികൾക്ക് എൻ.ഒ.സി രേഖകളുടെ പൊസഷൻ സർട്ടിഫിക്കറ്റ്, യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (പ്രോസ്പെക്ടസ് ക്ലോസ്.11.7.1) മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫീസിനത്തിലെ ഡി.ഡി എന്നിവയുമായി സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ മറ്റ് കോഴ്സുകളിലോ/കോളേജുകളിലോ അഡ്മിഷൻ നേടിയിരിക്കുന്ന വിദ്യാർത്ഥികൾ ബന്ധപ്പെട്ട കോളേജ് അധികാരിയിൽ നിന്നുള്ള റ്റി.സി, യോഗ്യതാ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ അസൽ രേഖകൾ മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫീസിനത്തിലെ ഡി.ഡി. എന്നിവയുമായി ഹാജരാകാവുന്നതാണ്.
4. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (കേരളാ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി/സി.ബി.എസ്.ഇ/സി.ഐ.എസ്.സി.ഇ ബോർഡിൽ നിന്നും പരീക്ഷ പാസ്സായവർ അല്ലെങ്കിൽ)
5. മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
6. ജനന തീയതി തെളിയിക്കുന്നതിനുള്ള രേഖ
7. **KEAM 2019** ഡാറ്റാ ഷീറ്റ്
8. **KEAM 2019** പ്രോസ്പെക്ടസ് അനുബന്ധം XVII (b) പ്രകാരമുള്ള ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്

**<u>കുറിപ്പ്</u>:-**

- അഖിലേന്ത്യാ ക്വാട്ടയിൽ ആയുർവേദ/ ഹോമിയോ/ സിദ്ധ/ യുനാനി കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളെയും എം.ബി.ബി.എസ്, ബിഡി.എസ് കോഴ്സുകളിൽ അഡ്മിഷൻ എടുത്തിരിക്കുന്ന വിദ്യാർത്ഥികളെയും സംസ്ഥാനത്തെ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ് ക്കുള്ള അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. മുൻ അലോട്ട്മെന്റുകളിലൂടെ ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചവർക്ക് സ്പോട്ട് അഡ്മിഷൻ വഴി പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ നേരത്തെ ലഭിച്ച അഡ്മിഷൻ റദ്ദാകുന്നതാണ്.
- ഒരേ കോഴ്സിന് ഒരു സർക്കാർ /എയ്ഡഡ് കോളേജിൽ നിന്ന് മറ്റൊരു സർക്കാർ/എയ്ഡഡ് കോളേജിലേക്കോ ഒരു സ്വാശ്രയ കോളേജിൽ നിന്നും മറ്റൊരു സ്വാശ്രയ കോളേജിലേയ്ക്കോ സ്പോട്ട് അഡ്മിഷന് ഒരു ഘട്ടത്തിലും മാറ്റം അനുവദിക്കുന്നതല്ല. അതുപോലെ ഒരേ കോഴ്സിന് സർക്കാർ കോളേജിൽ നിന്ന് എയ്ഡഡ് കോളേജിലേക്കോ നേരേ തിരിച്ചോ മാറ്റം അനുവദിക്കുന്നതല്ല.
- ഒരു കോഴ്സിൽ നിന്നും മറ്റൊരു കോഴ്സിലേയ്ക്കോ ഒരേ കോഴ്സിൽ തന്നെ സ്വാശ്രയ കോളേജിൽ നിന്നും സർക്കാർ/ എയ്ഡഡ് കോളേജിലേയ്ക്കോ മറിച്ചോ മാറ്റം അനുവദിക്കുനനതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ** ലഭിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103 & 2339104 (10 am- 5pm)**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
18.09.2019